കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**[www.lfa.kerala.gov.in](http://www.lfa.kerala.gov.in)**

# *വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട് **2017-18***

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി3/362/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -30.4.2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് – 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017–2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി3/362/19 തീയതി:30.4.2019

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017 - 2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-06-2017 മുതൽ 13-02-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യൂ റോയി.കെ.പി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.2.19 മുതൽ 23.2.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അമ്പിളി എം.ഡി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സോണിയ.ജെ. സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മഞ്ജുളാസാഗർ | |

| | | |
|---|---|---|
| | ശ്രീമതി.ബിന്ദുനായർ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.കെ.നിർമ്മല | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.എം.ആർ.ഷെറീഫ് | 1-4-2017 മുതൽ 31-3-2018 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എൻ.പ്രദീപ്കുമാർ | 1-4-2017 മുതൽ 22-10-2017 വരെ |
| | ശ്രീമതി.ഷാരോൺ ബിൻ റഷീത് | 23-10-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആൻ നെപ്പോളിയൻ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.കെ.ശശി | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ഹരികുമാർ നമ്പൂതിരി | 1-4-2017 മുതൽ 31-3-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രദീപ്. ജി | 1-4-2017 മുതൽ 31-3-2018 വരെ |
| | ശ്രീ.റിയാസ് എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാറാണി | 1-4-2017 മുതൽ 31-3-2018 വരെ |
| | | |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ. മാലിനി.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എ. നൗഷാദ് | 1-4-2017 മുതൽ 31-3-2018 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ.ജി.മധുസൂദനൻ | 1-4-2017 മുതൽ 31-3-2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആശ സി പി | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ അലംഭാവം | 2-1 |

| | | |
|---|---|---|
| 14 | ടെണ്ടർ ഫാറം വില - ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-2 |
| 15 | കുടിശ്ശിക പിരിച്ചെടുക്കാൻ ശേഷിക്കുന്നു | 2-3 |
| 16 | അരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ-മാതൃകാപരം | 2-4 |
| | ഭാഗം 3 | |
| 17 | കാലഹരണപ്പെട്ട മരുന്ന് ഉപയോഗിക്കുന്നു | 3-1 |
| 18 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സാധാരണ ബൽബുകൾക്കും നിരക്ക് ഈടാക്കുന്നു. | 3-2 |
| 19 | ഡെപ്പോസിറ്റ് റീ-ഫണ്ട് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നതിൻെറ രേഖകൾ ലഭ്യമായില്ല | 3-3 |
| 20 | മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 3-4 |
| 21 | പാലിയേറ്റീവ് കെയർ പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല | 3-5 |
| 22 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല, ആദ്യ ഗഡുവായി കൈപ്പറ്റിയ 1,20,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ലാപ്ടോപ്പ് വാങ്ങി- 47,180/-രൂപ നഷ്ടം | 3-7 |
| 24 | ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായില്ല, 2,80,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | വിനിയോഗ /പൂർത്തീകരണ സാക്ഷ്യ പത്രങ്ങളില്ല, ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 26 | ലൈഫ് -ഭവന പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമല്ല. | 3-10 |
| 27 | കാലി ടാർ ബാരലിന്റെ വില ഈടാക്കിയില്ല- നഷ്ടം 67,399/-രൂപ | 3-11 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 39 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

23.3.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 7.6.2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്നമ്പർ/തീയതി |
|---|---|---|
| 2017-18 | 30.8.2018 & 31.8.2018 | നം.കെ.എസ്.എ.കെ.എൽ.എം.പി.3/1593/18, 26.9.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,27,18,811 |
| വരവ് | 8,11,19,306 |
| ആകെ | 9,38,38,117 |
| ചെലവ് | 8,02,78,607 |
| നീക്കിയിരിപ്പ് | 1,35,59,510 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 1,65,30,000 | 1,65,30,000 | 1,35,73,593 | 29,56,407 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 64,29,071 | 64,29,071 | 29,72,013 | 34,57,058 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 1,10,67,000 | 1,10,67,000 | 1,10,26,127 | 40,873 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 36,33,000 | 36,33,000 | 35,98,618 | 34,382 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 77,62,763 | 77,62,763 | 54,62,472 | 23,00,291 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 22,94,858 | 22,94,858 | 21,26,923 | 1,67,935 |
| സാക്ഷരത | | - | - | - | - | - |
| ദുരിതാശ്വാസനിധി | | 8,631 | 345 | 8,976 | - | 8,976 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 3,46,28,044 | 3,46,28,044 | 3,46,28,044 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18,680 | 17,44,576 | 17,63,256 | 17,38,844 | 24,412 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 27,600 | 6,00,000 | 6,27,600 | 6,00,000 | 27,600 |
| | ജില്ലാ പഞ്ചായത്ത് | 12,000 | 7,48,750 | 7,60,750 | 7,48,750 | 12,000 |
| ബി ഫണ്ട് | | | 5,51,040 | 5,51,040 | 5,51,040 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 76,79,488 | 2,72,99,217 | 3,49,78,705 | 2,61,01,882 | 88,76,823 |
| | ട്രഷറി അക്കൗണ്ട് | 27,10,465 | 98,42,000 | 1,25,52,465 | 1,09,91,782 | 1,560,683 |
| മറ്റിനം റ്റി.എസ്.സി | | 1,088,791 | 59,616 | 11,48,407 | 7,86,563 | 3,61,844 |
| VSCBWGDP EMS | | 11,56,033 | 94,332 | 12,50,365 | - | 12,50,365 |
| SBI OYOOR KDCB | | 17,123 | 14,19,684 | 14,36,807 | - | 14,36,807 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
| 186 | 8,36,11,920 | 115 | 4,44,07,319 | 5 | 66 | 61.8% |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18,680 | 17,44,576 | 17,63,256 | 17,38,844 | 24,412 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,46,28,044 | 3,46,28,044 | 3,46,28,044 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,61,040 | 354 |
| കർഷകതൊഴിലാളി പെൻഷൻ | 42,40,500 | 401 |
| വിധവാപെൻഷൻ | 1,45,23,000 | 1419 |
| വാർദ്ധക്യകാല പെൻഷൻ | 2,65,66,000 | 2426 |
| വികലാംഗ പെൻഷൻ | 47,27,900 | 457 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2,04,500 | - |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.2.2019 ന് സ്ഥാപനതലവന്റെ/കാഷ്യറിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,877/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2)ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3)അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4)വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5)സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

6)ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

7)തെരുവുവിളക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

8)വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട കുടിവെള്ള ടാപ്പുകൾ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

9)വൗച്ചറുകൾക്കൊപ്പം പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

10)സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

11)സുലേഖ സ്റ്റേറ്റ്മെൻറിൽ തനതു ഫണ്ടിൽ നിന്നുള്ള ചെലവുകൾ ഉൾപ്പെടുത്തുന്നില്ല, ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായ ചുമതലകളും, കർത്തവ്യങ്ങളും നടപ്പിലാക്കുന്നതിനും നല്ല രീതിയിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനില്ക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.12.18 | 11/2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.14-3.3.2014 | 2008-09/2012-13 | 16/4/2014 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തു നികുതി വരവുകൾ (ഡി.സി.ബി) വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. തൊഴിൽ നികുതി (ജീവനക്കാർ) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് പ്രകാരം ഡിമാൻറ് 11,00,757/-രൂപയാണ്. റസീപ്റ്റ് & പേയ്മെൻറ് ആർ.പി1 ഷെഡ്യൂൾ പ്രകാരം തൻവർഷവരവ് 10,36,878/-രൂപയാണ്. 63,879/-രൂപയുടെ വ്യത്യാസം കാണുന്നു.

3.വാടക (റെൻറ്) രജിസ്റ്റർപ്രകാരം 2017-18 സാമ്പത്തിക വർഷം 7,39,000/-രൂപയാണ്. എന്നാൽ ആർ.പി 43 പ്രകാരം 7,08,422/- രൂപയാണ്. വരവ് 30,578/-രൂപയുടെ വ്യത്യാസം കാണുന്നു.

4.ടോട്ടൽ സാനിറ്റേഷൻ ക്യാംപെയിൻ വരവ് തൻവർഷം രജിസ്റ്റർ പ്രകാരം 1,10,415/-രൂപയാണ്. (88,400+59,616/-) . എന്നാൽ ആർ.പി.31 (32010015) പ്രകാരം 59,616/-രൂപ വരവായി കാണിച്ചിരിക്കുന്നു. ഈ വരവ്-ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-11 ഷെഡ്യൂളിലെ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6.160100601 NREGA വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
7.ജോയിൻ്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് 40(b) പ്രകാരം 0 ആണ്. എന്നാൽ ബാലൻസ് ഷീറ്റിൽ 16-17ലെ നീക്കിയിരിപ്പ് തുക 17-18 ലും കാണുന്നു (BP: 27600 & JP 12000)
8.ഓഡിറ്റ് റിക്കവറിയിനത്തിൽ വാർഷിക കണക്കിൽ 4,066/-രൂപയാണ് വരവെങ്കിലും, രജിസ്റ്റർ പ്രകാരം 41,047/-രൂപയുടെ വരവുണ്ട്.
9)വായ്പാ തിരിച്ചടവിനത്തിൽ വാർഷിക കണക്കിൽ 12,77,546/-രൂപയും, പലിശയിനത്തിൽ RP14ൽ 31,39,849/-രൂപയും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വായ്പാരജിസ്റ്റർ പ്രകാരം മുതലിനത്തിൽ 12,77,546/-രൂപയും പലിശയിനത്തിൽ (490506+478186)9,68,692/-രൂപയും ഒടുക്കുവരുത്തിയിട്ടുണ്ട്. ലോൺ രജിസ്റ്റർ പ്രകാരം ഇനി തിരിച്ചടയ്ക്കാനുള്ള തുക 1,70,69,046/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ B5 ഷെഡ്യൂളിൽ 1,81,89,876/- രൂപയാണ് തിരിച്ചടയ്ക്കാനുള്ള വായ്പയായി ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് Receipt & payment, Balance Sheet എന്നിവ തമ്മിലും, ലോൺ രജിസ്റ്ററുമായും പെരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കുന്നതിൽ അലംഭാവം

തനതു വരുമാനത്തിലെ ഒരു പ്രധാന ഇനം എന്ന നിലയിൽ തൊഴിൽ നികുതി ഡിമാൻ്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലും തികഞ്ഞ അലംഭാവമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുണ്ടായിട്ടുള്ളത്.

1)തൊഴിൽ നികുതി സ്റ്റേറ്റ്മെൻ്റ് നികുതി പരിശോധിക്കാൻ ഹാജരാക്കിയിട്ടില്ല.

2)പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

3)ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, കരിങ്ങന്നൂർ | I , II |
| 2. | ഇന്ത്യൻ ഓവർസീസ് ബാങ്ക്, കരിങ്ങന്നൂർ | I , II |
| 3. | കെ.എസ്.ഇ.ബി | I , II |
| 4. | ഓയൂർ ക്ഷീരോല്പാദക സഹകരണ സംഘം, ഓയൂർ | I , II |
| 5. | മുത്തൂറ്റ് ഫിൻകോർപ്പ് , റോഡുവിള | I , II |
| 6. | മുത്തൂറ്റ് ഫിൻകോർപ്പ്, ഓയൂർ | I , II |
| 7. | വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, ഓയൂർ | I , II |
| 8. | പോപ്പുലർ ഫിനാൻസ്, ഓയൂർ | I , II |
| 9. | എസ്.ബി.ഐ, ഓയൂർ | I , II |
| 10. | ഡി.ഡി.ആർ.സി.എസ്. ആർ.എൽ, ഓയൂർ | I , II |
| 11. | ഫെഡറൽ ബാങ്ക്, ഓയൂർ | I , II |
| 12. | കെ.എസ്.ബി.സി. Ltd | I , II |
| 13. | അർബൻ സഹകരണ ബാങ്ക്, ഓയൂർ | I , II |
| 14. | പുതുവീട് ബാങ്കേഴസ് , കരിങ്ങന്നൂർ | I, II |
| 15. | സപ്ലൈകോ മെഡിക്കൽ സ്റ്റോർ, ഓയൂർ | I , II |
| 16. | സപ്ലൈകോ സൂപ്പർ മാർക്കറ്റ് , ഓയൂർ | I , II |
| 17. | മെരിറാണി പോപ്പുലർ നിധി ലി. | I , II |
| 18. | മിനി മുത്തൂറ്റ് നിധി ലി., അമ്പലംകുന്ന് | I , II |

| | | |
|---|---|---|
| 19. | മിനി മുത്തൂറ്റ് നിധി ലി., ഓയൂർ | I , II |
| 20. | കൊശമറ്റം ഫിനാൻസ് ലി. , ഓയൂർ | I , II |
| 21. | കാർത്തിക ഫിനാൻസ്, ഓയൂർ | I , II |
| 22. | എൻ.വി.പി ഹൈപ്പർ മാർക്കറ്റ് | I , I |

4) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷ വരുമാനം അനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല;

1. എം ജി എൻ ആർ ഇ ജി എസ്-ജീവനക്കാർ

2. ഗ്രാമപഞ്ചായത്ത് ജീവനക്കാർ

3. ഡി എം ഹോസ്പിറ്റൽ

4. എം എസ് ഫ്യൂവൽസ്

5. എം വി പി സിൽക് & സാരീസ്

മേൽ സൂചിപ്പിച്ച അപാകതകളുടെ വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നം.(6/22.2.19) നൽകിയിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി നികുതി ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 ടെണ്ടർ ഫാറം വില - ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ-ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ തൻ വർഷം ലഭിച്ച 1,22,980/-രൂപ കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കുടിശ്ശിക പിരിച്ചെടുക്കാൻ ശേഷിക്കുന്നു

2017-18 ലെ ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തുനികുതി, വാടക എന്നിവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. വരുമാനങ്ങളിലെ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുകയുടെ (എ.എഫ്.എസ് പ്രകാരം) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തൻവർഷം | കുടിശ്ശിക |
|---|---|---|
| വസ്തു നികുതി (Residential) | 1,59,889 | 25,634 |
| വസ്തു നികുതി (Non Residential) | 6,49,250 | 6,18,075 |
| വാടക | 5,67,578 | - |
| അകെ | 13,76,717 | 6,43,709 |

ഓഡിറ്റ് വർഷം വരവ് ഇനങ്ങളിൽ തൻവർഷത്തെ 13,76,717/- രൂപയും കുടിശ്ശികയായി 6,43,709/-രൂപയും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. ഗ്രാമപഞ്ചായത്ത് അടിയന്തിര

നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-4 ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ–മാതൃകാപരം

വെളിനല്ലൂർ ഗ്രാമപഞ്ചായത്തിലെ പൊതുജന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വീടുകളിലും മറ്റു സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കല്യാണ മണ്ഡപങ്ങളിലും, ഡി&ഒ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളും പരിശോധന നടത്തുന്നതിനും പൊതുജന ആരോഗ്യത്തിന് ഹാനികരമാകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുന്ന പക്ഷം അത്തരക്കാരിൽ നിന്നും ചട്ടലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതിന് തീരുമാനിക്കുകയും പിഴ ഈടാക്കുകയും ചെയ്തു വരുന്നു. 500/- രൂപ മുതൽ 2,000/-രൂപ വരെ ഈടാക്കുന്നതിനും നിരോധിത 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും 5,000/-രൂപ വരെ പിഴയും 50 മൈക്രോണിന് മുകളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ കൈകാര്യം ചെയുന്നതിനായി പ്രതിമാസം 4,000/-രൂപ പഞ്ചായത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ച് 4,000- രൂപ മുതൽ 10,000/-രൂപ വരെ പിഴ ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ കമ്മിറ്റി (5.6.18 തീയതിയിലെ I(C)-ാം നം. തീരുമാനം) തീരുമാനിച്ചു. ഇപ്രകാരം പരിശോധന നടത്തി പിഴ ഈടാക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരായ ഹെൽത്ത് ഇൻസ്പെക്ടർക്കും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്കും അനുമതി നൽകുകയും പിഴ തുക അതാത് ദിവസം പഞ്ചായത്തിൽ ഒടുക്ക വരുത്തുന്നതിന് നിർദ്ദേശവും നൽകി. ഇതു പ്രകാരം പഞ്ചായത്തിന് തൻവർഷം 19,500/-രൂപ പിഴ ആയി ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നടപടി മാതൃകാപരവും, അരോഗ്യ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തനത് വരുമാന വർദ്ധനവിന് ഉതകുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാലഹരണപ്പെട്ട മരുന്ന് ഉപയോഗിക്കുന്നു

പദ്ധതി - എസ്.0023/18 - ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ- 7,00,000/-രൂപ, (റോഡിതരം)
ചെലവ്- 7,00,000/-രൂപ,
ബിൽ നം.1/17-18,തീയതി, 18.8.17/ 1,18,000/-രൂപ,
ബിൽ നം.2/17-18, 5,82,000/-രൂപ,

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

2017-18 വർഷം നിർവ്വഹണം നടത്തിയ മേൽ പരാമർശിച്ച പദ്ധതിയിൽ ഔഷധിയുടെ ഇൻവോയ്സ് നം.90053086/8.2.18 പ്രകാരം ലഭിച്ച വെപ്പകാടി 450 ml യുടെ 36 ബോട്ടിലിൽ 21 എണ്ണം ബാക്കിയുള്ളതായി 21.2.19ൽ നത്തിയ പരിശോധനയിൽ കണ്ടു. ഇവയുടെ മാനുഫാക്ച്ചറിംഗ് തീയതി 1/2018 ഉം കാലഹരണ തീയതി 1/2019 ഉം ആണ്. 8/2/18ൽ ലഭിച്ച മരുന്നിൽ 21 ബോട്ടിൽ കാലാവധി കഴിഞ്ഞതായി സ്റ്റോക്ക് രജിസ്റ്റർ

പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മരുന്നുകളുടെ ആവശ്യം വിലയിരുത്തി വാങ്ങുന്നതിനും യഥാസമയം വിതരണം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/21.2.19

**3-2** തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സാധാരണ ബൾബുകൾക്കും നിരക്ക് ഈടാക്കുന്നു.

തെരുവ് വിളക്കുകളുടെ വൈദ്യതി ചാർജ് 4/2017,5/2017 എന്നീ മാസങ്ങളിൽ 50,396/-രൂപയായിരുന്നെങ്കിലും കെ.എസ്.ഇ.ബിയുടെ KSEBL/TRAC/Tarrif-Order/2016-17L7 17.4.17 നം. ഉത്തരവ് പ്രകാരം 6/2017 മുതൽ 70,053/-രൂപയാണ് ഒടുക്കുന്നത്. (16.4.2017 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) (വൗച്ചർ നം. 21700229/19.6.17) ബില്ലിൽ ഓഡിനറി ബൾബുകൾക്കും തുക ഈടാക്കുന്നതായി കാണുന്നു.

| ഇനം | വാട്ട്സ് | 4hrs/നിരക്ക് (രൂപ) | 6hrs/നിരക്ക് (രൂപ) | 12hrs/നിരക്ക് (രൂപ) |
|---|---|---|---|---|
| ബൾബ് | 40 | 22 | 33 | 66 |
| ബൾബ് | 60 | 33 | 50 | 102 |
| ബൾബ് | 100 | 55 | 84 | 167 |

ഇപ്രകാരമാണ് ബില്ലിൽ ഓഡിനറി ബൾബുകളുടെ നിരക്ക് ഇനം തിരിച്ച് കണക്കാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്ക് പരിപാലന പദ്ധതികളിൽ സാധാരണ ബൾബ് വാങ്ങാതെ LED ബൾബുകളും ട്യൂബുകളും മറ്റ് ഫിറ്റിംഗ് സാധനങ്ങളും മാത്രമാണ് വാങ്ങിയിട്ടുള്ളത്. നിലവിൽ തെരുവുവിളക്കുകൾ പൂർണ്ണമായും LED, Tube light എന്നിവയിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിലും താരതമ്യേന കൂടുതൽ ചാർജ്ജുള്ള സാധാരണ ബൾബുകൾക്ക് ബില്ല് പ്രകാരം തുക ഈടാക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ഓരോ മാസവും അധിക ചെലവുണ്ടാകുന്നു. ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കിന്റെ ഇനം, എണ്ണം എന്നിവ കൃത്യമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/21.2.19

**3-3** ഡെപ്പോസിറ്റ് റീ-ഫണ്ട് - തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നതിൻെറ രേഖകൾ ലഭ്യമായില്ല

ചുവടെ പരാമർശിക്കുന്ന വ്യക്തികൾക്ക് 2017-18 വർഷം ഡെപ്പോസിറ്റ് തുക തിരികെ നൽകിയിട്ടുണ്ട്.

| പേരും വിലാസവും | വൗച്ചർ നം. തീയതി | തുക (രൂപ) | തിരികെ നൽകിയ വിധം |
|---|---|---|---|
| നൗഷാദ്, തെക്കേക്കരകോനാത്ത് | 21700436/23.8.17 | 1,00,000/- | ആർ.റ്റി.ജി.എസ് |

| | | | |
|---|---|---|---|
| ചരുവിളവീട്, | | | |
| ലൈലാ അബ്ദുൾ ഷുക്കൂർ, പറമ്പുവയലിൽ വീട്, ചെറിയ വെളിനല്ലൂർ | 21700444/25.8.17 | 1,00,000/- | ആർ.റ്റി.ജി.എസ് |
| എം.ഉമ്മർഖാൻ, ഡാറുൽ സലാം, മീയണ്ണൂ, ഓയൂർ | 21700138/26.9.17 | 7,45,820/- | ആർ.റ്റി.ജി.എസ് |
| അനിൽകുമാർ, ഗിരിജാ മന്ദിരം,ആക്കൽ | 21700590/6.10.17 | 59,995/- | ആർ.റ്റി.ജി.എസ് |
| അനിൽകുമാർ, ഗിരിജാമന്ദിരം, ആക്കൽ | 21700805/13.12.17 | 5,49,089/- | ആർ.റ്റി.ജി.എസ് |
| ആകെ | | 15,54,904/- | |

മേൽ പരാമർശിച്ച തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നതിൻെറ രേഖകളായ രസീതോ, ബാങ്ക് അക്കൗണ്ടിലേയ്ക്ക് RTGS ചെയതതാണെങ്കിൽ രേഖകളോ വൗച്ചറിനൊപ്പം ലഭ്യമല്ല. ഡെപ്പോസിറ്റ് തുകകൾ വരവ് വന്നതിൻെറ രസീതുകൾ ക്യാൻസൽ ചെയ്ത് വൗച്ചറിനൊപ്പം പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തുക തിരികെ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവു വന്ന രസീത് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 15,54,904/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക- 15,54,904/-രൂപ

ഓഡിറ്റ് എൻക്വയറി നം. -4/22.2.2019

## 3-4 മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഓരോ വാർഡിനും 10,000/-രൂപ വീതം മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതിനായി വൗച്ചർ നം.21700246/27.6.17 പ്രകാരം 1,70,000/-രൂപ മെഡിക്കൽ ഓഫീസർ, സി.എച്ച്.സിക്കു നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ ഓഡിറ്റ് എൻക്വയറി നൽകിയിട്ടും പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക- 1,70,000/-രൂപ

ഓഡിറ്റ് എൻക്വയറി നം.4/22.3.19

**3-5** <u>പാലിയേറ്റീവ് കെയർ പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല</u>

പദ്ധതി - പാലിയേറ്റീവ് കെയർ-എസ്.0009/18

അടങ്കൽ - 5,00,000/-രൂപ (വികസനഫണ്ട്)

ചെലവ് - 5,00,000/-രൂപ( ബിൽ നം.1/17-18/21-8-17/ 91,300/-രൂപ, )

(ബിൽ നം.2/17-18/21-12-17/ 1,92,400/-രൂപ)

(ബിൽ നം.3/17-18/ 23-3-18/ 1,14,300/-രൂപ;

ബിൽ നം.4/17-18/23-3-18/ 1,02,000/-രൂപ)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെളിനല്ലൂർ

<u>2017-18 വർഷം നടപ്പാക്കിയ പദ്ധതിയിൽ,</u>

ബിൽ നം.1 പ്രകാരം 49,600/-രൂപ വാഹനവാടകയിനത്തിൽ നൽകിയിട്ടുണ്ട് എന്നാൽ ഫയലിനൊപ്പം വേബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബിൽ നം.2 പ്രകാരം 1,00,000/-രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന മരുന്നിൻെറ വിലയായി നൽകിയിട്ടുണ്ട്, മരുന്നുകൾ സ്റ്റോക്കിലെടുത്തതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മറ്റ് ബില്ലുകൾ പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ മരുന്നുകൾ സ്റ്റേക്കിലെടുത്തിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ പരാമർശിച്ച തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക- 1,49,600/-രൂപ

ഓഡിറ്റ് എൻക്വയറി നം.5/21.2.2019

**3-6** <u>പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല, ആദ്യ ഗഡുവായി കൈപ്പറ്റിയ**1,20,000/-**രൂപ തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| പ്രോജക്ട് | എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി |
| പ്രോജക്ട് നം | 30/18 |
| അടങ്കൽ | 5,00,000/-രൂപ |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 2,20,000/-രൂപ |
| ബിൽ നം/തീയതി | 11/31.1.18-80,000/-രൂപ |
| | 12/31.1.18-80,000/-രൂപ |
| | 14/28.3.18-60,000/-രൂപ |

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ (ഡി.എ)626/16/15.2.16 നം. ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കാനായി ഒരു ലക്ഷം രൂപ വീതം നടപ്പിലാക്കിയത്. ആദ്യ ഗഡുവായി 40,000/-രൂപയും മുറി നിർമ്മിച്ച ശേഷം എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലിനു വിധേയമായി 60,000/-രൂപയും വിതരണം ചെയ്യാനാണ് നിശ്ചയിച്ചിരുന്നത്. ആനുകൂല്യം കൈപ്പറ്റിയ നാലു ഗുണഭോക്താക്കളിൽ ഒരാൾ മാത്രമാണ് തൻവർഷം പഠനമുറിയുടെ പണി പൂർത്തീകരിച്ചിട്ടുള്ളത്. ആദ്യഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | വിശാഖ്.എം,<br>അനന്തു ഭവൻ,<br>കുണ്ടറ മുക്ക്,<br>വാർഡ് V | 40,000/- |
| 2 | ശരണ്യ.സി,<br>ശരത്വിലാസം,<br>കരിങ്ങന്നൂർ,<br>വാർഡ്XII | 40,000/- |
| 3 | അരുണിമ.വി.എസ്,<br>അരുൺ ഭവൻ,<br>വാർഡ് X | 40,000/- |
| | ആകെ | 1,20,000/- |

ടി ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1,2 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ 2018-19ൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമ നം.3 പ്രകാരമുള്ള ശ്രീമതി.അരുണിമ നാളിതു വരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ലെന്നും എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആദ്യഗഡുവായി നൽകിയ 1,20,000/-രൂപ തടസ്സപ്പെടുത്തുന്നു. പഠന മുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-3/21.2.19

തടസ്സപ്പെടുത്തിയ തുക -1,20,000/-രൂപ

**3-7** <u>കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ലാപ്ടോപ്പ് വാങ്ങി-</u>

**47,180/-**രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| പ്രോജക്ട് നം | 26/18 |
| അടങ്കൽ | 3,00,000/-രൂപ |
| ഫണ്ടിനം | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 2,96,180/-രൂപ |
| ബിൽ നം/തീയതി | 13/28.3.18 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിയിൽ 2.11.17ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. തുടർന്ന് 13.12.17ൽ നടത്തിയ റീ ടെണ്ടറിൽ തിരുവനന്തപുരത്തെ ആഡ്കോംസിസ്റ്റംസും, എഴുകോണിലെ എഫ്-1 സൊല്യൂഷൻസും പങ്കെടുത്തു. ഏസർ ലാപ്ടോപ്പിന് ആഡ്കോം 24,900/-രൂപയും എഫ്1 സൊല്യൂഷൻ 29,840/-രൂപയുമാണ് ക്വോട്ടു ചെയ്തത്. കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ആഡ്കോമിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ലാപ്ടോപ്പ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ കത്ത് നൽകുകയും ചെയ്തു. എന്നാൽ എഫ്1 സൊല്യൂഷൻസിൽ നിന്നും 29,618/-രൂപയ്ക്കാണ് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തത്. ആയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അഞ്ചു വർഷത്തെ OEM വാറന്റി ഇല്ലാത്തതിനാൽ ആഡ്കോമിന്റെ ലാപ്ടോപ്പ് വാങ്ങാൻ കഴിയില്ലെന്ന നിർവഹണ ഉദ്യോഗസ്ഥന്റെ 6.3.18ലെ കുറിപ്പ് ഗ്രാമപഞ്ചായത്ത് കമ്മറ്റി പരിശോധിയ്ക്കുകയും, വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിന് സമയ പരിധിയ്ക്കുള്ളിൽ കഴിയാത്തതു മൂലം ടെണ്ടർ സമർപ്പിച്ചിരുന്ന എഫ്1 സൊല്യൂഷൻസുമായി നെഗോസിയേഷൻ നടത്താൻ നിർവഹണഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്ത് തീരുമാനമെടുത്ത (നം.II(4); 6/3/18) സാഹചര്യത്തിലാണ് ലാപ്ടോപ്പ് വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല.

1)ആഡ്കോം സിസ്റ്റംസിന്റെ ടെണ്ടറിൽ 5വർഷ വാറണ്ടി ഉൾപ്പെടുത്തിയിരുന്നു.

2)13.12.17 ലെ ടെണ്ടർ നടപടികൾക്കുശേഷം, കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനം അയോഗ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുന്നത് 6.3.18ലാണ്.

3)രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനവുമായി നെഗോസിയേഷൻ നടത്താൻ നിർവഹണഉദ്യോഗസ്ഥനെ കമ്മറ്റി ചുമതലപ്പെടുത്തിയെങ്കിലും നെഗോസിയേഷൻ നടത്തിയതായി കാണുന്നില്ല. (ടെണ്ടറിലെ വില-29,840/-രൂപ, സപ്ലൈ ചെയ്ത വില-29,618/-രൂപ)

മേൽ കാരണങ്ങളാൽ 10 ലാപ്ടോപ്പുകൾക്ക് അധികം നൽകിയ 47,180/-രൂപ (29618-24900x10) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട നിർവഹണ

ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

എൻക്വയറി നം-3/21.2.19

നിരാകരിച്ച തുക-47,180/-രൂപ

**3-8** <u>ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായില്ല, **2,80,000/-**രൂപ തടസ്സപ്പെടുത്തുന്നു.</u>

| | |
|---|---|
| പ്രോജക്ട് | ഭവന പുനരുദ്ധാരണം(എസ്.സി) |
| പ്രോജക്ട് നം | 132/18 |
| അടങ്കൽ | 18,00,000/-രൂപ |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി)-17,74,591/-രൂപ |
| | തനത് ഫണ്ട്-25,409/-രൂപ |
| ചെലവ് | 3,30,000/-രൂപ |
| ബിൽ നം/തീയതി | 5/17.3.18-2,50,000/-രൂപ |
| | 6/28.3.18-40,000/-രൂപ |
| | 8/28.3.18-20,000/-രൂപ |
| | 9/28.3.18-20,000/-രൂപ |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പട്ടിക ജാതിക്കാരുടെ ഭവന പുനരുദ്ധാരണത്തിന് 50,000/-രൂപ വീതം അനുവദിക്കാനാണ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. 2017-18 വർഷം ആദ്യ ഗഡു കൈപ്പറ്റിയ 15 പേരിൽ ഒരാൾ മാത്രമാണ് പണി പൂർത്തിയാക്കി അവസാന ഗഡുവും കൈപ്പറ്റിയത്. പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാത്തവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | ശശിധരൻ .എൻ<br>ശില്പാ നിവാസ്,<br>അമ്പലംകുന്ന്. | 20,000/- |
| 2 | സുലോചന<br>പളാങ്കുഴി വീട്,<br>ചെങ്കൂർ | 20,000/- |
| 3 | വാസന്തി<br>മഞ്ജു വിലാസം,<br>കരിങ്ങന്നൂർ | 20,000/- |

| | | |
|---|---|---|
| 4 | രമണി<br>കാവയ്യത്ത് കിഴക്കതിൽ,<br>കരിങ്ങന്നൂർ | 20,000/- |
| 5 | ഓമന.എസ്<br>ചരുവിള വീട്,<br>പൂങ്കോട് | 20,000/- |
| 6 | വിജയമ്മ<br>ലതികാ ഭവൻ ,<br>ആറ്റൂർക്കോണം | 20,000/- |
| 7 | വനജാക്ഷി<br>മങ്കാട്ട് ഇലവും പൊയ്ക,<br>കരിങ്ങന്നൂർ | 20,000/- |
| 8 | സരോജിനി<br>മങ്കാട്ട് ഇലവും പൊയ്ക,<br>കരിങ്ങന്നൂർ | 20,000/- |
| 9 | ശാന്ത<br>അനില ഭവൻ,<br>കരിങ്ങന്നൂർ | 20,000/- |
| 10 | ലീലാമണി<br>വാലിയം കുന്നിൽ ചരുവിള വീട്,<br>കാളവയൽ | 20,000/- |
| 11 | ദേവരാജൻ<br>സിന്ദൂരി ഭവൻ,<br>കൊക്കാട് | 20,000/- |
| 12 | രാധ<br>വിനോദ് വിലാസം,<br>മീയന | 20,000/- |
| 13 | ശാരദ<br>രാജഷ് ഭവൻ,<br>മീയന | 20,000/- |
| 14 | മണി<br>എസ്.എം സദനം,<br>റോഡ് വിള,<br>ചെറിയ വെളിനല്ലൂർ | 20,000/- |
| | ആകെ | 2,80,000/- |

ടി ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് ധനസഹായം കൈപ്പറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, 10 പേർ 2018-19 ൽ പണി പൂർത്തിയാക്കി അവസാന ഗഡു വാങ്ങിയിട്ടുണ്ടെന്നും ശേഷിക്കുന്നവർ നാളിതു വരെ പണി പൂർത്തിയാക്കിയിട്ടില്ലെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 2,80,000/-രൂപ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം-7/22.2.19
തടസ്സപ്പെടുത്തുന്ന തുക-2,80,000/-രൂപ

**3-9** <u>വിനിയോഗ /പൂർത്തീകരണ സാക്ഷ്യ പത്രങ്ങളില്ല, ചെലവു തുക തടസ്സപ്പെടുത്തുന്നു.</u>

ഗ്രാമ പഞ്ചായത്തിലെ വിവിധ നിർവഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട്/നം | അടങ്കൽ/ ഫണ്ടിനം | ബിൽനം/ചെലവുതുക | നിർവഹണ ഏജൻസി |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പൈപ്പ് ലൈൻ നീട്ടൽ(87/18) | 9,60,500/-രൂപ വികസനഫണ്ട് (പൊതുവിഭാഗം) | 8,75,700/- 11/16.9.17 | കേരള വാട്ടർ അതോറിറ്റി |
| 2 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജീവനം-ഡയാലിസിസ് യൂണിറ്റ്-പഞ്ചായത്ത് വിഹിതം നൽകൽ (123/18) | 1,00,000/രൂപ -വികസനഫണ്ട് (പൊതുവിഭാഗം) | 1,00,000/- 24/16.3.18 | കൊല്ലം ജില്ലാ പഞ്ചായത്ത് |
| 3 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | വികലാംഗർക്ക് മുച്ചക്ര വാഹനം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (67/18) | 1,00,000/-രൂപ വികസന ഫണ്ട് (പൊതുവിഭാഗം) | 1,00,000/- 7/19.1.18 | കൊല്ലം ജില്ലാ പഞ്ചായത്ത് |
| 4 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | അടിയന്തിര പ്രാധാന്യമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (88/18) | 1,50,000/-രൂപ തനതു ഫണ്ട് | 1,14,671/- ചെക്ക്നം- 8519/24.10.17 | കെ.എസ്.ഇ.ബി |
| 5 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ജപ്പാൻ കുടിവെള്ള പദ്ധതിയുമായി പൈപ്പ് ലൈൻ ലിങ്കിംഗ് (173/18) | 810886/-രൂപ തനതു ഫണ്ട് | 8,10,886/- ചെക്ക്നം- 8522/25.11.17 | കെ.എസ്.ഇ.ബി |
| 6 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ(171/18) | 2,00,000/-രൂപ തനതു ഫണ്ട് | 112,948/- ചെക്ക് നം- 8612/24.10.17 | കെ.എസ്.ഇ.ബി |
| 7 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7,41,965/- 27/17-18/ 28/3/18 | കെ.എസ്.ഇ.ബി |
| 8 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | പൈപ്പ്ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4,00,000/- 32/17-18/ 28/3/18 | കേരള വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| 9 | അസിസ്റ്റന്റ് സെക്രട്ടറി | മീയന ജംഗ്ഷനിൽ നിന്നും കരിമ്പീട്ട്കോണം കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ(43/18) | 3,00,000/-രൂപ വികസന ഫണ്ട് (എസ്.സി.പി) | 2,97,600/- 9/23.3.18 | കേരള വാട്ടർ അതോറിറ്റി |
| 10 | വെറ്റിനറി സർജൻ | പ്രത്യേക കന്നുകുട്ടി പരിപാലനം (2/18) | 3,50,000/-രൂപ വികസന ഫണ്ട് (പൊതുവിഭാഗം) | 3,50,000/- 1/26.10.17 | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം |
| | | | ആകെ | 39,03,770/- | |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി ചെലവഴിച്ച 39,03,770/-രൂപ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രങ്ങൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, സാക്ഷ്യപത്രങ്ങൾക്ക് വേണ്ടി നിർവഹണ ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയവ പരിശോധനയ്ക്ക് ഹാജരാക്കുമെന്നുമാണ് ബന്ധപ്പെട്ടവർ അറിയിച്ചത്.

തടസ്സപ്പെടുത്തിയ തുക-39,03,770/-രൂപ
എൻക്വയറി നം/തീയതി-3/21.2.19

എൻക്വയറി നം/തീയതി-8/22.2.19

എൻക്വയറി നം/തീയതി-11/23.2.19

## 3-10 ലൈഫ് -ഭവന പദ്ധതി പ്രവർത്തനങ്ങൾ സമയ ബന്ധിതമല്ല.

| | |
|---|---|
| പ്രോജക്ട് | ലൈഫ്-പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം |
| പ്രോജക്ട്നം | 189/18 |
| അടങ്കൽ | 8,00,000/-രൂപ |
| ഫണ്ടിനം | വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 3,10,000/-രൂപ |
| ബിൽ നം/തീയതി | 1/15.2.18 |
| | 2/15.3.18 |
| | 3/28.3.18 |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ലൈഫ് ഭവന പദ്ധതി പ്രകാരം 2017-18ൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച വർഷം/കൈപ്പറ്റിയ തുക | 2017-18 | ബിൽ നം/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സുന്ദരേശൻ, എസ്.ബി നിലയം, പുതുശ്ശേരി, വാർഡ്XI | 2009-10/22,500/- | 50,000 | 1/17-18/ 15/2/18 |
| | | | 1,00,000 | 3/17-18/ 28/3/18 |
| | | | 20,000 | 1/17-18/ 15/2/18 |
| 2 | ജലജകുമാരി, താരനാഥവിലാസം, ആറ്റൂർക്കോണം, കരിങ്ങന്നൂർ, വാർഡ്X | 2009- 10/67,500/- | 20,000 | 2/17-18/ 15/3/18 |
| | | | 40,000 | 3/17-18/ 28/3/18 |
| 3 | സദാശിവൻആചാരി, പ്രസാദ് സദനം, അടയറ,കരിങ്ങന്നൂർ വാർഡ്XII | 2009-10/52,500/- | 40000 | 1/17-18/ 15/2/18 |
| | | | 40,000 | 2/17-18/ 15/3/18 |

ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണ രേഖകളും ധനസഹായത്തിന്റെ അന്തിമ ഗഡുക്കൾ കൈപ്പറ്റിയതിന്റെ രേഖകളും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഈ മൂന്ന പേരും പണി പൂർത്തീകരിച്ചിട്ടില്ലെന്ന് വി.ഇ.ഒ അറിയിച്ചു.

എല്ലാ ഗുണഭോക്താക്കളുടെയും യൂണിറ്റ് കോസ്റ്റ് മൂന്ന് ലക്ഷം എന്ന് കണക്കാക്കി ആനുപാതിക വിഹിതം നൽകണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് പദ്ധതി ഭേദഗതി ചെയ്യുവാനും അധിക തുകയ്ക്ക് തുടർ പദ്ധതി വയ്ക്കുവാനും ഭരണ സമിതിയ്ക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും ആയതിനാൽ അവസാന ഗഡുക്കൾ നൽകി പ്രോജക്റ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നും സ്പിൽ ഓവറായി തുടരുന്ന പദ്ധതി പ്രകാരം ശ്രീ.സുന്ദരേശന് മേൽക്കൂര നിർമ്മാണം പൂർത്തീകരിച്ച മുറയ്ക്ക് ഒരു ലക്ഷം രൂപ 2018-19ൽ ധനസഹായം നൽകിയിട്ടുണ്ടെന്നും വി.ഇ.ഒ അറിയിച്ചു.

2009-10 സാമ്പത്തിക വർഷം ആരംഭിച്ച ഭവന നിർമ്മാണ പ്രവർത്തനങ്ങൾ 2017-18ലും പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് ആശാസ്യമല്ല. മതിയായ ഫണ്ട് വകയിരുത്തി, ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയുടെ പുരോഗതി അറിയിക്കേണ്ടതാണ്.

### **3-11** കാലി ടാർ ബാരലിന്റെ വില ഈടാക്കിയില്ല- നഷ്ടം **67,399/-**രൂപ

DSR, MORTH data പ്രകാരം packed bitumen/emulsion-ന്റെ വിലയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ വിവിധ ടാറിംഗ് /റീടാറിംഗ് പ്രവർത്തികളുടെ ബില്ലിൽ നിന്ന് ടാർ/എമൽഷൻ കാലി ബാരലിന്റെ വില കോൺട്രാക്റ്ററിൽ നിന്ന് ഈടാക്കേണ്ടതുണ്ട്.എന്നാൽ താഴെ ചേർത്തിട്ടുള്ള വിവിധ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്ന് കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവർത്തികളുടെ പേര് | ഉപയോഗിച്ചടാർ/ എമൽഷൻ | വില ഈടാക്കാത്ത |
|---|---|---|---|

| | | | |
|---|---|---|---|
| | | കാലിബാരലിന്റെ എണ്ണം | തിനാൽ നഷ്ടമായ തുക (239+18% GST) |
| 1 | മോട്ടോർ കുന്ന് ലക്ഷം വീട് പാലക്കോണം റോഡ് റീ ടാറിംഗ്<br>കോൺട്രാക്ടർ-എം.ഷെറഫുദ്ദീൻ,<br>ബിൽ നം 24/12-2-18 | 13 | 3,666/- |
| 2 | എസ്.എൻ.ജ്വലറി-കാളവയൽ റോഡ് റീ ടാറിംഗ്.<br>കോൺട്രാക്ടർ-സൈജു<br>ബിൽ നം 26/20-2-18 | 21 | 5,922/- |
| 3 | കരിങ്ങന്നൂർ-പുതിയിടം പുത്തൻവിള റോഡ് റീടാറിംഗ്<br>കോൺട്രാക്ടർ-സൈജു<br>ബിൽ നം 25/12-2-18 | 30 | 8,461/- |
| 4 | മെറ്റലിംഗ്&ടാറിംഗ് ഏഴാംകുറ്റി ക്യാഷ്യു ഫാക്ടറി റോഡ് കുന്നുംപുറം കരിങ്ങന്നൂർ ഏലാ റോഡ്<br>കോൺട്രാക്ടർ-എം.ഷെറഫുദ്ദീൻ,<br>ബിൽ നം 27/27-2-18 | 23 | 6,486/- |
| 5 | മെറ്റലിംഗ്&ടാറിംഗ് കട്ടേറ്റിൽ ഏലാ റോഡ്.<br>കോൺട്രാക്ടർ-എം.ഷെറഫുദ്ദീൻ,<br>ബിൽ നം 28/27-2-18 | 19 | 5,358/- |
| 6 | മെറ്റലിംഗ്&ടാറിംഗ്പുത്തൻ വിള താന്നി വിള റോഡ്.<br>കോൺട്രാക്ടർ-എം.ഷെറഫുദ്ദീൻ,<br>ബിൽ നം 29/27-2-18 | 19 | 5,358/- |
| 7 | മെറ്റലിംഗ്&ടാറിംഗ് ഏറ്റൂർ പൊയ്ക താഴോട്ടുകോണം റോഡ്.<br>കോൺട്രാക്ടർ-എം.ഷെറഫുദ്ദീൻ,<br>ബിൽ നം 30/27-2-18 | 15 | 4,230/- |
| 8 | മെറ്റലിംഗ്&ടാറിംഗ് മൂഴിവിള തെക്കേ വിള റോഡ്. | 21 | 5,922/- |

| | | | |
|---|---|---|---|
| | M.book no 90/15-16<br>ബിൽ നം-31/17-18/27-2-18<br>കോൺട്രാക്ടർ-<br>എം.ഷെറഫുദ്ദീൻ, | | |
| 9 | മെറ്റലിംഗ്&ടാറിംഗ് പൊയ്കയിൽ വാതുക്കൽ ഗണപതി ക്ഷേത്രം റോഡ്.<br>M.book no 58/15-16<br>ബിൽ നം-45/17-18/28-3-18<br>കോൺട്രാക്ടർ-<br>എം.കെ.സന്തോഷ്,<br>മിനി മന്ദിരം | 11 | 3,102/- |
| 10 | റീ ടാറിംഗ് മുളയിച്ചാൽ വിള കോട്ടയ്ക്കാവിള റോഡ്.<br>So 27/18<br>ബിൽ നം-32/17-18/12-3-18 | 29 | 8,178/- |
| 11 | മെറ്റലിംഗ്&ടാറിംഗ് ആക്കൽ ഇടവട്ടം റോഡ്.<br>M.book no 89/15-16<br>ബിൽ നം-39/17-18/20-3-18<br>കോൺട്രാക്ടർ-<br>എം.ഷെറഫുദ്ദീൻ, | 13 | 3,666/- |
| 12 | മെറ്റലിംഗ്&ടാറിംഗ് ഉഗ്രൻ കുന്ന് എൽ.പി.എസ് റോഡ്.<br>M.book no 80/15-16<br>ബിൽ നം-40/17-18<br>/22-3-18കോൺട്രാക്ടർ-<br>എ.സലിം, | 6 | 1,692/- |
| 13 | മെറ്റലിംഗ്&ടാറിംഗ് മുളമുക്ക്കുളങ്ങരഏലാ റോഡ്.<br>SO131/17<br>M.book no 51/15-16<br>ബിൽ നം-41/17-18/22-3-18<br>കോൺട്രാക്ടർ-എ.സലിം | 8 | 2,256/- |
| 14 | മെറ്റലിംഗ്&ടാറിംഗ് ചുങ്കത്തറ E.E.T.U.P.Sറോഡ്.<br>കോൺട്രാക്ടർ-<br>എം.കെ.സന്തോഷ്.<br>ബിൽ നം44/24-3-18 | 11 | 3,102/- |
| | | ആകെ | 67,399/- |

കാലി ബാരലിന്റെ വിലയിനത്തിൽ നഷ്ടമായ 67,399/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം -10/23.2.19
നിരാകരിച്ച തുക-67,399/-രൂപ

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,00,000 | അംഗൻവാടി പോഷകാഹാരം | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1,48,750 | ശാരിരിക മാനസികവെല്ലുവിളി സ്കോളർഷിപ് | 1,48,750 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | പാലിന് സബ്സിഡി | 600000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റഷൻ | 9/17-18/ 23/3/18 | 2,97,600 | - | 2,97,600/- |
| 2 | കെ.എസ് ഇ.ബി തെരുവ് വിളക്ക് | സ്ട്രീറ്റ് മയിൻ -മീറ്റർ സ്ഥാപിക്കൽ | 27/17-18/ 28/3/18 | 7,41,965 | - | 7,41,965/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ജപ്പാൻ കുടിവെള്ള പദ്ധതി | പൈപ്പ് ലൈൻ ലിങ്കിംഗ് | ചെക്ക് നം.8522/ 25/11/17 | 81,08,886 | - | 81,08,886/- |
| 4 | കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ സ്ഥാപിക്കൽ | 32/17-18 28/3/18 | 4,00,000/- | - | 4,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെപേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് ലോൺ | GO1884/15/LSGD dated, 23.6.15 | 14,29,684 | 1,78,85,600 | 12,77,546 | 9,68,692 | 1,70,69,046 |
| EMS ഭവനപദ്ധതി | | - | 13,63,900 | - | - | 13,63,900 |

ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിൽ പലിശയിനത്തിൽ ഒടുക്കു വരുത്തിയ തുക കണക്കിലെടുക്കാതെയാണ് ബാലൻസ് ഷീറ്റിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കിന്റെ അപാകതയിൽ ടി വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | | | | |
| 1 | വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 25.8.2016 | 23 മാസം | 20,00,000 | - |
| ആകെ | | | | 20,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 41,047/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1997-98 | 26(B) | 29/- | സെക്രട്ടറി | 117010105733/24.2.18 |
| 1997-98 | 29 | 60/- | സെക്രട്ടറി | 117010105734/24.2.18 |
| 1998-99 | 30(B) | 228/- | സെക്രട്ടറി | 117010105800/27.2.18 |
| 2015-16 | 3-4(B) | 23,570/- | സലീം കോൺട്രാക്ടർ | 117010101796/11.9.17 |
| 2016-17 | 3-14 | 2,599/- | സലീം കോൺട്രാക്ടർ | 117010102395/11.9.17 |
| 2015-16 | 3-14(a) | 13,411/- | രാജശേഖരൻ നായർ | 117010101121/18.7.17 |
| 2011-12 | 3-3 | 150/- | ദിലീപ് | 117010101012/10.7.17 |
| 2016-17 | 3-9 | 1,000/- | അതുല്യം പദ്ധതി | 117010102831/27.11.17 |

ഓഡിറ്റ് റിക്കവറിയിനത്തിൽ വാർഷികകണക്കു പ്രകാരം 4,066/-രൂപ മാത്രമാണ് RP-10ൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2017-18 വർഷം 41,047/- വരവുള്ളതായി കാണുന്നു.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭവത്തിൽ പാറക്വാറികൾക്ക് ലൈസൻസ് അനുവദിക്കൽ | വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,38,38,117 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,02,78,607 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,14,579 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61,78,274 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-7 | | 47,180 | ശ്രീ.എ.നൗഷാദ്, അസി.സെക്രട്ടറി |
| 3-11 | | 67,399 | ശ്രീമതി.ഷാരോൺ ബിൻ റഷീദ് അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>തുക</th><th colspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td>3-3</td><td>15,54,904</td><td colspan="2">ശ്രീ.എം.ആർ.ഷെരീഫ്, സെക്രട്ടറി</td></tr>
<tr><td>3-4</td><td>1,70,000</td><td colspan="2">ഡോ.കെ.ശശി<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി</td></tr>
<tr><td>3-5</td><td>1,49,600</td><td colspan="2">ശ്രീ.കെ.ശശി<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി</td></tr>
<tr><td>3-6</td><td>1,20,000</td><td colspan="2">ശ്രീ.എ.നൗഷാദ്,<br>അസിസ്റ്റന്റ് സെക്രട്ടറി</td></tr>
<tr><td>3-8</td><td>2,80,000</td><td colspan="2">ശ്രീ. പ്രദീപ് ജി,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ</td></tr>
<tr><td rowspan="3">3-9</td><td rowspan="3">39,03,770</td><td>32,56,170</td><td>ശ്രീ.എം.ആർ.ഷെരീഫ്, സെക്രട്ടറി</td></tr>
<tr><td>2,97,600</td><td>ശ്രീ.നൗഷാദ്.എ<br>അസി.സെക്രട്ടറി</td></tr>
<tr><td>3,50,000</td><td>ശ്രീമതി.മാലിനി കെ,<br>വെറ്റിനറി സർജൻ</td></tr>
</table>

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.നൗഷാദ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | പൂപ്പാലിക, ചന്ദനക്കാവ് തിങ്കൾകരിക്കും, കുളത്തൂപ്പുഴ |
| ശ്രീമതി.ഷാരോൺ ബിൻ റഷീദ് , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | സെനാന കോളേജ് റോഡ്, ആറ്റിങ്ങൽ(പി.ഒ) |
| എം.ആർ.ഷെരീഫ്, സെക്രട്ടറി | സെക്രട്ടറി, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻ വീട്, മേവറം, ഉമയനല്ലൂർ |
| മാലിനികെ. വെറ്റിനറി സർജൻ | വെറ്റനറി സർജൻ വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | മുകളുവിള പുത്തൻവീട്, ചെപ്ര , കൊട്ടാരക്കര |
| ശ്രീ.പ്രദീപ്.ജി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | പി.ജി.ഭവൻ, ചെന്താപൂർ, ഡീസന്റ്ജംഗ്ഷൻ |
| ശ്രീ.റിയാസ്.എസ് വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | റിയാസ്മൻസിൽ, പേരൂർ, കുറ്റിച്ചിറ |
| ഡോ.കെ.ശശി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | സ്റ്റാർ ഹൗസ് പാരിപ്പള്ളി(എ.ഒ) പാരിപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(2), തീയതി, 22.3.18 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(3), തീയതി, 22.3.18 |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(4), തീയതി, 22.3.18 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(5), തീയതി, 22.3.18 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(6), തീയതി, 22.3.18 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(7), തീയതി, 22.3.18 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(8), തീയതി, 22.3.18 |
| 2005-2006 | കെ.എസ്.എ.കെ.എൽ എം.പി 3/421/18(9), തീയതി, 22.3.18 |
| 2006-2007 | എൽ.എഫ്.ക്യു-പി 7/1318(11)/14/ തീയതി, 13.6.14 |
| 2007-2008 | എൽ.എഫ്.ക്യു-പി 7/1318(12)/14/ തീയതി, 13.6.14 |
| 2008-2009 | എൽ.എഫ്.ക്യു-പി 7/1318(13)/14/തീയതി, 13.6.14 |
| 2009-2010 | എൽ.എഫ്.ക്യു-പി 7/1318(14)/14/തീയതി, 13.6.14 |
| 2010-2011 | എൽ. എഫ്.ക്യു-പി 7/1318(15)/14/തീയതി, 13.6.14 |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7-621/14/05.05.14/22.05.2014 |
| 2012-2013 | എൽ.എഫ്.ക്യു.-പി-7/384/2015/തീയതി, 4.4.2015 |
| 2013-2014 & 2014-2015 | കെ.എസ്.എ/കെ.എൽ.എം. പി-7/937/ 2016/ തീയതി, 08.06.2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-7/224/ 2017/ തീയതി, 13.02.2017 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം.പി-3/1448/17/ തീയതി, 16.8.17 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം- 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.എൽ.എം/പി3/362/19 തീയതി: 30.4.2019

### ഓഡിറ്റ് സാക്ഷ്യപത്രം-2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-2

### അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.